**ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം**

മി. സ്പീക്കർ: ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

**ക്രമപ്രശ്നം**

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. നിയമസഭാ ചട്ടങ്ങളിൽ ഒരു അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിച്ചു കഴിഞ്ഞാൽ 3 ഓപ്ഷൻസുകളെക്കുറിച്ച് പറയുന്നുണ്ട്.

(a) referred to the appropriate subject committee; or

(b) referred to a select committee; or

(c) circulated for the purpose of eliciting opinion thereon.

ചട്ടം 76(1)-ൽ വളരെ കൃത്യമായി അപ്രോപ്രിയേഷൻ ബിൽ ഒഴികെയുള്ള ബില്ലുകൾ വരുമ്പോൾ ചെയ്യേണ്ടത് സംബന്ധിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. അങ്ങ് സർക്കുലേറ്റ് ചെയ്ത ബുള്ളറ്റിൻ ഭാഗം 2 നം. 881-ൽ പറയുന്നത്, ചട്ടം 76(1)-ലെ വ്യവസ്ഥകൾ, ചട്ടം 314 നൽകുന്ന അധികാരം വിനിയോഗിച്ച്

സ്പീക്കർ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നു എന്നാണ്. ചട്ടം 314-ൽ പറയുന്നത്, "All matters not specifically provided for in these Rules and all questions relating to the detailed working of these Rules shall be regulated in such manner as the speaker may, from time to time, direct." 76(1) അനുസരിച്ച് ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് സഭാ ചട്ടങ്ങളിൽ വ്യക്തമായി പറയുന്നുണ്ട്. ചട്ടങ്ങളിൽ പറയാത്ത കാര്യങ്ങൾ, not specifically provided for.., ആ സാഹചര്യത്തിൽ മാത്രമേ അങ്ങേയ്ക്ക് റൂൾ സസ്പെന്റ് ചെയ്യാനുള്ള അധികാരമുള്ളൂ. അങ്ങയുടെ നടപടി സഭാചട്ടങ്ങളുടെ ലംഘനമാണ്. അതുകൊണ്ട് ദയവായി അങ്ങ് ആ റൂൾ തിരുത്തണം. അങ്ങ് സഭയിൽ ഈ പ്രമേയം ചർച്ച ചെയ്യുവാനുള്ള അവസരം ഉണ്ടാക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ശരിയാണ്. ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ പരിഗണിക്കുന്നതിനായി ചട്ടം 314 പ്രകാരമാണ് സ്പീക്കർ സസ്പെന്റ് ചെയ്തത്. അതിന്റെ പ്രത്യേകമായ സാഹചര്യം കഴിഞ്ഞ ദിവസം ചേർന്ന കക്ഷി നേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഇക്കാര്യത്തിലേക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി

സഭയുടെ അനുമതി ചോദിച്ചുകൊണ്ട് പ്രമേയം അവതരിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുമെന്ന് കരുതുന്നില്ല.

ചട്ടം 76 (1) താൽക്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ യഥാസമയം ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2020-ലെ കേരള ധനകാര്യ ബിൽ, 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെതന്നെ പാസ്സാക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ആകയാൽ പ്രസ്തുത ആവശ്യത്തിനായി നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 76 (1) താൽക്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ പാസാക്കിയിരിക്കുന്നു.